ഫ്രണ്ട് ഓഫീസ് സംവിധാനം

12 (3515) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് ഫയൽ സംബന്ധമായ വിവരം നൽകുവാനും അപേക്ഷകൾ സ്വീകരിക്കുവാനും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് പുതിയതായി നടപ്പിലാക്കിയത്; വിശദമാക്കുമോ?

ഉത്തരം

(എ-സി) 18-11-2009-ലെ സ.ഉ. (കൈ) നമ്പർ 257/2009/പൊ.ഭ.വ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള മൂന്ന് സന്ദർശക സഹായക കേന്ദ്രങ്ങൾ വഴി അപേക്ഷകൾ സ്വീകരിക്കുകയും ഫയൽ സംബന്ധമായ വിവരങ്ങളും മറ്റ് സൗകര്യങ്ങളും സെക്രട്ടേറിയറ്റിൽ എത്തുന്ന പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത സന്ദർശക സഹായക കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

1. സന്ദർശകർ കൊണ്ടുവരുന്ന പരാതികൾ വാങ്ങി 3 പേജ് വരെയുള്ളവ സ്കാൻ ചെയ്ത് കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുള്ള സംവിധാനം ഉപയോഗിച്ച് രജിസ്റ്റർ ചെയ്തതിന് ശേഷം പരാതിക്കാരന് നമ്പർ നൽകുകയും പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് തത്സമയം അയച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.
2. സന്ദർശകർക്ക് നേരിട്ട് ബന്ധപ്പെട്ട് സെക്ഷനിൽ സന്ദർശിക്കുവാൻ പാസ് നൽകാറുണ്ട്. പരാതി സന്ദർശകർതന്നെ നേരിട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നൽകണമെന്ന് ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അതിനുള്ള സൗകര്യം നൽകുന്നുണ്ട്.
3. ഓരോ ദിവസവും കേന്ദ്രത്തിൽ സ്കാൻ ചെയ്യുന്ന പരാതികൾ സെക്രട്ടേറിയറ്റ് ഇൻഫർമേഷൻ സിസ്റ്റം വഴി തത്സമയം ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുക്കുന്നതോടൊപ്പം അവിടെ ഏൽപ്പിച്ചുപോകുന്ന പരാതികളുടെ ഒറിജിനൽ പതിപ്പ് അതാത് ദിവസം ബന്ധപ്പെട്ടവർക്ക് 5 മണിയോടുകൂടി എത്തിച്ചു കൊടുക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. ഈ കേന്ദ്രങ്ങളിൽ ലഭ്യമായ ഇൻഫർമേഷൻ സിസ്റ്റം ഉപയോഗപ്പെടുത്തി ഫയൽ സംബന്ധമായ വിവരങ്ങളും മറ്റു വിവരങ്ങളും മനസ്സിലാക്കാൻ സന്ദർശകരെ സഹായിക്കുന്നുമുണ്ട്.

5. ആവശ്യമായ സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലും സെക്ഷനുകളിൽ നിന്നും പരാതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ ഫോൺ മുഖാന്തിരം ശേഖരിച്ചുനൽകുന്നതോടൊപ്പം ഉത്തരവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്നുണ്ട്. മറ്റു സർക്കാർ ഓഫീസുകളിലെ ഇത്തരം സംവിധാനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

താഴ്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ്

13 (3516) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി. എന്നിവയിലെ താഴ്ന വിഭാഗം ജീവനക്കാർക്ക് സബോർഡിനേറ്റ് സർവ്വീസ് നല്കുന്നത് സംബന്ധിച്ച തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പി.എസ്.സി. നല്കിയിട്ടുള്ള മറുപടികൾ എപ്രകാരമാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പി.എസ്.സി.യുടെ തീരുമാനങ്ങളും ബന്ധപ്പെട്ട നോട്ട് ഫയലിന്റെ പകർപ്പുകളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ താഴ്ന വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തുന്നതിന് 9-12-2015 -ൽ കൂടിയ മന്ത്രിസഭായോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ സർക്കാർ തീരുമാനത്തോട് വിയോജിച്ചുകൊണ്ടാണ് പി.എസ്.സി. മറുപടി നല്കിയിട്ടുള്ളത്. പി.എസ്.സി. യുടെ മറുപടിയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഈ വിഷയം സംബന്ധിച്ച പി.എസ്.സി. തീരുമാനത്തിന്റെയും ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും പകർപ്പുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly